**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
നാളന്ദ, തിരുവനന്തപുരം 695 003

**THE STATE INSTITUTE OF LANGUAGES**
Nalanda, Thiruvananthapuram 695 003, Kerala

സാംസ്കാരിക വകുപ്പ്, കേരള സർക്കാർ

പത്രക്കുറിപ്പ്

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ വർഷത്തെ (2010) അവാർഡുകൾക്ക് വേണ്ടി തെരഞ്ഞെടുത്ത രചനകളും രചയിതാക്കളും.

1 എൻ.വി.കൃഷ്ണവാര്യർ സ്മാരക **വൈജ്ഞാനിക** ഗ്രന്ഥത്തിനുള്ള അവാർഡ് **പി.മണികണ്ഠൻ** രചിച്ച '**മലയാളിയുടെ സ്വത്വാന്വേഷണങ്ങൾ**' എന്ന കൃതിക്കാണ്.

ഈ കൃതിയിൽ സാമ്പ്രദായിക സമീപനങ്ങൾക്കുമപ്പുറം കടന്ന് നമ്മുടെ സ്വത്വത്തെ സൂക്ഷ്മമമായി അപഗ്രഥിക്കാനുള്ള ശ്രമമാണ്. എണ്ണപ്പാടങ്ങളായി ചിതറിപ്പാർക്കുന്നവരുടെ സാഹിത്യം മുതൽ പരിസ്ഥിതി പെൺവാദത്തിന്റെ നവരാഷ്ട്രീയംവരെയുള്ള വ്യത്യസ്ത വിഷയങ്ങളെ മാനവികമായ ഒരു ദർശനവുമായി ഉൽഗ്രഥിക്കാൻ ഈ കൃതിക്ക് കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഈ വർഷത്തെ വൈജ്ഞാനിക സാഹിത്യത്തിനുള്ള അവാർഡിന് ഈ കൃതി തെരഞ്ഞെടുത്തിരിക്കുന്നു.

2 വൈക്കം മുഹമ്മദ് ബഷീർ സ്മാരക **നോവലിനുള്ള** അവാർഡ് **ശ്രീ.ടി.ഡി.രാമകൃഷ്ണന്റെ** '**ഫ്രാൻസിസ് ഇട്ടിക്കോര**', **ശ്രീ.ജോസ് പാഴൂക്കാരൻ** രചിച്ച '**അരിവാൾ ജീവിതം**' എന്നീ നോവലുകൾ പങ്കുവയ്ക്കുന്നു.

**ശ്രീ.ടി.ഡി.രാമകൃഷ്ണൻ** രചിച്ച '**ഫ്രാൻസിസ്ഇട്ടിക്കോര**' എന്ന നോവൽ പ്രതിപാദ്യത്തിലും പ്രതിപാദനരീതിയിലും മൗലികമായ വ്യത്യസ്തത പുലർത്തുന്ന കൃതിയാണ്. നാളിതുവരെയുള്ള മലയാള നോവലിൽ നിന്നുള്ള ഒരു വഴിമാറി നടത്തം എന്ന നിലയിൽ അത് ഏതർഥത്തിലും സവിശേഷ ശ്രദ്ധ അർഹിക്കുന്നു. ചരിത്രവും നുണകളും സത്യവും സംഭ്രമിപ്പിക്കുന്ന ഭ്രമാത്മകതകളും, അസ്വസ്തമായ അന്വേഷണങ്ങളും കൊണ്ട് ശരാശരി ഭാവുകത്വത്തെ കീഴ്മേൽ മറിക്കുന്ന സർഗാത്മകമായ ഒരു തരം വിധ്വംസകത, ഈ കൃതിയുടെ മുഖമുദ്രയാണ്. സ്ഥലകാലങ്ങൾക്ക് അസാധാരണ മാനം നൽകിയ ഈ കൃതി അവാർഡിനായി തെരഞ്ഞെടുക്കുന്നു.

**ശ്രീ.ജോസ് പാഴൂക്കാരൻ** രചിച്ച '**അരിവാൾ ജീവിതം**' എന്ന നോവൽ വയനാട് ജില്ലയിലെ ചെട്ടിസമൂഹം അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ചും രോഗങ്ങളെക്കുറിച്ചുമുള്ള ഹൃദയസ്പർശിയായ

ഒരാവിഷ്കാരമാണ്. 'രോഗത്തെ തന്നെ അന്തരീക്ഷവും കഥാപാത്രവുമായി അവതരിപ്പിക്കുന്ന ഈ രചന, പല തരത്തിൽ വ്യത്യസ്തത പുലർത്തുന്നതാണ്. ഗോത്ര സംസ്കൃതിയുടെ വർത്തമാന കാല അവസ്ഥയിലേക്ക് വെളിച്ചം വീശുന്ന ഒരു കൃതിയെന്ന നിലയിൽ ഇത് പ്രത്യേക പരിഗണന അർഹിക്കുന്നു. അതുകൊണ്ട് ശ്രീ.ടി.ഡി.രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര'ക്കൊപ്പം ഈ കൃതിയെക്കൂടി അവാർഡിന് തെരഞ്ഞെടുക്കുന്നു.

3 കെ.എം.ജോർജിന്റെ പേരിലുള്ള **നിരൂപണ/ഗവേഷണഗ്രന്ഥ**ത്തിനുള്ള അവാർഡ് **ശ്രീ.എൻ.കെ.രവീന്ദ്രൻ** രചിച്ച **'പെണ്ണെഴുതുന്ന ജീവിതം'** എന്ന കൃതിക്കാണ് നൽകുന്നത്.

ഈ കൃതി സ്ത്രീപക്ഷകാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ മലയാള സാഹിത്യത്തെക്കുറിച്ചുള്ളൊരു സൂക്ഷ്മ വിശകലനമാണ്. ലളിതാംബിക അന്തർജ്ജനം മുതൽ മാധവിക്കുട്ടി വരെയുള്ള മലയാളത്തിലെ പ്രശസ്തരായ എഴുത്തുകാരികളുടെ ജീവിതമാണിതിൽ ശ്രദ്ധേയമാം വിധം അപഗ്രഥിക്കപ്പെട്ടിരിക്കുന്നത്. നിരൂപണത്തിനുള്ള അവാർഡിനായി ഈ കൃതി തെരഞ്ഞെടുത്തു.

4 എം.പി.കുമാരന്റെ പേരിലുള്ള **വിവർത്തന**ത്തിനുള്ള അവാർഡ് **ഡോ.കെ.പി.ശശിധരൻ** പരിഭാഷ നിർവഹിച്ച ദോസ്തോവ്സ്കിയുടെ **'കുറ്റവും ശിക്ഷയും'** എന്നതിനാണ് നൽകുന്നത്.

ഡോ.കെ.പി.ശശിധരൻ നിർവഹിച്ച പരിഭാഷ, മൂലകൃതിയോട് പൂർണ്ണമായും നീതി പുലർത്തുന്നതാണ്. മൂലകൃതിയായ ദോസ്തോവ്സ്കിയുടെ ക്രൈം ആന്റ് പണിഷ്മെന്റിലെ സങ്കീർണ്ണമായ ആശയങ്ങളെ, അതിന്റെ ഗൗരവം ഒട്ടും ചോർന്നുപോകാതെ, ലളിതവും വ്യക്തവുമായ ഭാഷയിൽ അവതരിപ്പിക്കാൻ വിവർത്തകന് കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് വിവർത്തനത്തിനുള്ള അവാർഡിന് ഈ കൃതി തെരഞ്ഞെടുത്തു.

## നാൽപ്പത് വയസിൽ കുറഞ്ഞ രചയിതാക്കൾക്ക് പ്രസിദ്ധീകരിക്കാത്ത രചനകൾക്കുള്ള അവാർഡുകൾ

1 എൻ.വി.സ്മാരക **വൈജ്ഞാനിക സാഹിത്യ**ത്തിനുള്ള അവാർഡ് **ഡോ.ആർ.ബി.ശ്രീകല**യുടെ **വചനകവിത:ചരിത്രവും വർത്തമാനവും** എന്ന പ്രബന്ധത്തിനാണ്.

വചനകവിതയുടെ ചരിത്രപശ്ചാത്തലത്തെ സൂക്ഷ്മവും സമഗ്രവുമായി അപഗ്രഥിച്ചുകൊണ്ട് നിർവഹിച്ച ഒരന്വേഷണമാണ് ഈ പ്രബന്ധം. വചനകവിതയുടെ പ്രസക്തിയും പ്രാധാന്യവും കൃത്യമായും സംക്ഷിപ്തമായും വിശദമാക്കുംവിധമാണ് പ്രബന്ധം തയ്യാറാക്കിയിരിക്കുന്നത്. അതുകൊണ്ട് വൈജ്ഞാനിക സാഹിത്യത്തിനുള്ള പുരസ്കാരത്തിന് ഈ കൃതി തെരഞ്ഞെടുത്തിരിക്കുന്നു.

2 ബഷീർ സ്മാരക **ചെറുകഥ**യ്ക്കുള്ള അവാർഡ് **ശ്രീ.ബിജു.സി.പി**യുടെ **ഡാന്യൂബ് നദിയിൽ ഒരു കോച്ചേരിത്താഴംകാരൻ** നേടിയിരിക്കുന്നു.

ഏതർഥത്തിലും നവീനഭാവധ്വനികൾകൊണ്ട് സാന്ദ്രമാണ് ഈ കഥ. സംഘർഷഭരിതമായ വർത്തമാനകാലജീവിതത്തിന്റെ ഒരു പരിച്ഛേദമെന്ന നിലയിൽ പ്രസ്തുത കഥപ്രത്യേക പരിഗണന അർഹിക്കുന്നു. തദ്ദേശീയതയേയും സർവദേശീയതെയേയും ഒരേ സമയം സംബോധന ചെയ്യാനിതിന് കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഈ കഥ അവാർഡിന് തെരഞ്ഞെടുക്കുന്നു.

3 കെ.എം.ജോർജ് സ്മാരക **നിരൂപണ/ഗവേഷണ** അവാർഡ് **ഡോ.ഷംസാദ് ഹുസൈന്റെ മലയാള സിനിമയിലെ മുസ്ലീം സ്ത്രീ പ്രതിനിധാനം** എന്ന നിരൂപണ ലേഖനത്തിനാണ്.

വിലാപങ്ങൾക്കപ്പുറം, ദൈവനാമത്തിൽ എന്നീ രണ്ട് പ്രബല മലയാള സിനിമകളെ മുൻനിർത്തി നടത്തിയ വ്യത്യസ്തമായ ഒരന്വേഷണമാണിത്. ഈ സിനിമകളിൽ മുസ്ലീം സ്ത്രീ പ്രതിനിധാനത്തിലൂടെ കാഴ്ചക്കാരിലേക്ക് പ്രക്ഷേപിക്കുന്ന ആശയ പരിസരത്തെയാണ് പ്രബന്ധകാരി വിശകലനം ചെയ്യുന്നത്. സൂക്ഷ്മവും മൗലികവുമായ അന്വേഷണം കൊണ്ട് സമ്പന്നമായ ഈ ലേഖനം അവാർഡിനായി തെരഞ്ഞെടുക്കുന്നു.

4 എം.പി.കുമാരൻ സ്മാരക **വിവർത്തന**ത്തിനുള്ള അവാർഡ് **ശ്രീ.രാജേഷ് ചിറപ്പാട്** വിവർത്തനം ചെയ്ത രാംപുനിയാനിയുടെ Fundamentalism Threat to secular democracy എന്ന പുസ്തകത്തിലെ **ഹിന്ദുത്വവും ദളിതരും** (Hindutuva&Dalit), **വർഗ്ഗീയ കലാപം** (Communal Violence) എന്നതിനാണ്.

Fundamentalism Threat to secular democracy എന്ന പുസ്തകത്തിലെ **ഹിന്ദുത്വവും ദളിതരും** (Hindutuva & Dalit), **വർഗ്ഗീയ കലാപം** (Communal Violence) എന്നീ ലേഖനങ്ങളുടെ രാജേഷ് ചിറപ്പാട് തയ്യാറാക്കിയ പരിഭാഷ, മൂല്യകൃതിയോട് പൂർണ്ണമായും നീതിപുലർത്തും വിധമാണ് നിർവഹിച്ചിരിക്കുന്നത്. വിവർത്തനം വ്യക്തവും ലളിതവുമാണ്. അതുകൊണ്ട് വിവർത്തനത്തിനുള്ള അവാർഡിനായി ഇതിനെ തെരഞ്ഞെടുക്കുന്നു.

*(പെരുമ്പടവം ശ്രീധരൻ, ഡോ.അശോകൻമുണ്ടോൻ, കെ.ഇ.എൻ.എന്നിവർ ചേർന്നാണ് അർഹമായ രചനകൾ തെരഞ്ഞെടുത്തത്.)*

**ഡോ. പി. കെ. പോക്കർ**
**ഡയറക്ടർ**